**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1193** **18-09-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് വൻകുടിശ്ശിക ഉള്ളതിനാൽ പദ്ധതി തടസ്സപ്പെട്ട് നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാലക്കാട് നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു.<br><br>പാലക്കാട് നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾ ചെയ്ത വകയിൽ നാളിതുവരെ കരാറുകാർക്ക് 3483.84 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 1054.45 ലക്ഷം രൂപ (4 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നല്കുവാനുണ്ട്. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നബാർഡിൽ നിന്ന് 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകി കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിനും അനുമതി നൽകി കൊണ്ടും 15.09.2025 തിയ്യതിയിലെ G O (Ms) No: 67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പാലക്കാട് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പിന് നൽകിയ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ജില്ലാകളക്ടറുടെ ചേമ്പറിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികളിൽ, പുരോഗതിയിൽ 40 ശതമാനം കുറവുള്ള പഞ്ചായത്തുകളുടെ അവലോകന ത്തിനായി ബഹുമാനപ്പെട്ട വൈദ്യുത മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതിക്കുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ മാത്തൂർ-പിരായിരി പഞ്ചായത്തുകളുടെ ജൽ ജീവൻ മിഷൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരനെ കൂടി ഉൾപ്പെടുത്തി 28.07.2025 ൽ കേരള വാട്ടർ അതോറിറ്റി ഉത്തര മേഖല ചീഫ് എഞ്ചിനീയർ മീറ്റിംഗ് നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | പ്രസ്തുത മീറ്റിങ്ങിൽ പൈപ്പുകൾ സപ്ലൈ ചെയ്യുന്നതിനുവേണ്ടി സപ്ലൈ ഓർഡർ നൽകിയതായും പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതാണെന്നും കോൺട്രാക്ടർ അറിയിച്ചു. ഇതിനെ തുടർന്ന് 30.07.2025 ൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി. കരാറുകാരൻ പ്രവൃത്തി പുനരാരം ഭിച്ചിട്ടുണ്ട്. പ്രവൃത്തി 78 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | കനത്ത മഴ കാലത്തും പിരായിരി പഞ്ചായത്തിലെ മെട്രോ നഗർ, കുറുക്കൻപാറ, ഫാത്തിമറോഡ്, ഉണ്ണീരംകുന്ന്, ഉപാസന നഗർ, കല്ലേക്കാടിന്റെ വിവിധ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ? | (സി) | ഉണ്ട് . ഇത് പരിഹരിക്കുന്നതിനായി മാത്തൂർ പിരായിരി പഞ്ചായത്തുകളെ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കുടിവെള്ള വിതരണ പദ്ധതി പൂർത്തിയാകുന്ന മുറക്ക് പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ